എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَمِنْهُمُ ٱلَّذِينَ يُؤْذُونَ ٱلنَّبِىَّ وَيَقُولُونَ هُوَ أُذُنٌ ۚ قُلْ
أُذُنُ خَيْرٍ لَّكُمْ يُؤْمِنُ بِٱللَّهِ وَيُؤْمِنُ لِلْمُؤْمِنِينَ وَرَحْمَةٌ
لِّلَّذِينَ ءَامَنُوا۟ مِنكُمْ ۚ وَٱلَّذِينَ يُؤْذُونَ رَسُولَ ٱللَّهِ لَهُمْ عَذَابٌ أَلِيمٌ
٦١
يَحْلِفُونَ بِٱللَّهِ لَكُمْ لِيُرْضُوكُمْ وَٱللَّهُ وَرَسُولُهُۥٓ أَحَقُّ أَن يُرْضُوهُ إِن كَانُوا۟
مُؤْمِنِينَ ٦٢
أَلَمْ يَعْلَمُوٓا۟ أَنَّهُۥ مَن يُحَادِدِ ٱللَّهَ وَرَسُولَهُۥ فَأَنَّ لَهُۥ نَارَ جَهَنَّمَ خَـٰلِدًا فِيهَا ۚ
ذَٰلِكَ ٱلْخِزْىُ ٱلْعَظِيمُ ٦٣
يَحْذَرُ ٱلْمُنَـٰفِقُونَ أَن تُنَزَّلَ عَلَيْهِمْ سُورَةٌ تُنَبِّئُهُم بِمَا فِى
قُلُوبِهِمْ ۚ قُلِ ٱسْتَهْزِءُوٓا۟ إِنَّ ٱللَّهَ مُخْرِجٌ مَّا تَحْذَرُونَ ٦٤

**61.** പ്രവാചകനെ വാക്കുകൾകൊണ്ട് ദ്രോഹിക്കുന്നവരും അക്കൂട്ടത്തിലുണ്ട്. അവർ പറയുന്നു: ഇയാൾ എന്തും കേൾക്കുന്ന ഒരു കാതാണ്. അവരോടു പറയുക: അതെ, കാതുതന്നെ; നിങ്ങൾക്ക് ഗുണകരമായിട്ടുള്ള കാത്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു. വിശ്വാസികളെ വിശ്വസിക്കുന്നു. നിങ്ങളിൽ യഥാർഥ വിശ്വാസികളായിട്ടുള്ളവർക്ക് അനുഗ്രഹവുമാണദ്ദേഹം. ദൈവദൂതനെ ദ്രോഹിക്കുന്നവരുണ്ടല്ലോ, അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.

**62.** നിങ്ങളെ പ്രീതിപ്പെടുത്താൻ അവർ അല്ലാഹുവിനെ പിടിച്ചാണയിട്ടുകൊണ്ടിരിക്കും. എന്നാൽ യഥാർഥ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവും അവന്റെ ദൂതനുമാകുന്നു അവർ പ്രീതിപ്പെടുത്താൻ ഏറ്റം കടപ്പെട്ടിട്ടുള്ളത്.

**63.** അവരറിഞ്ഞിട്ടില്ലെയോ, അല്ലാഹുവിനോടും അവന്റെ ദൂതനോടും വിരോധം പുലർത്തുന്നവന് നരകമാണുള്ളതെന്ന്? അവനതിൽ നിത്യവാസിയായിരിക്കും. അതത്രെ ഭയാനകമായ നിന്ദ്യത.

**64.** തങ്ങളുടെ മനസ്സിലിരുപ്പ് വെളിപ്പെടുത്തുന്ന വല്ല സൂറയും അവതരിച്ചേക്കുമോ എന്ന് ഈ കപടവിശ്വാസികൾ ഭയപ്പെടുന്നുണ്ട്. അവരോട് പറയുക: ഇനിയും പരിഹസിച്ചുകൊള്ളുവിൻ. വെളിപ്പെട്ടേക്കുമെന്ന് നിങ്ങൾ ഭയക്കുന്ന സംഗതി അല്ലാഹു വെളിപ്പെടുത്തുക തന്നെ ചെയ്യും.

وَمِنْهُمْ = അക്കൂട്ടത്തിലുണ്ട് ٱلَّذِينَ يُؤْذُونَ ٱلنَّبِىَّ = (വാക്കുകൾകൊണ്ട്) പ്രവാചകനെ ദ്രോഹിക്കുന്നവർ

وَيَقُولُونَ = അവർ പറയുന്നു هُوَ = അവൻ (ഇയാൾ) أُذُنٌ = (എല്ലാം കേൾക്കുന്ന) ഒരു കാതാണ്

قُلْ= (അവരോട്) നീ പറയുക

أُذُنُ خَيْرٍ لَّكُمْ= നിങ്ങൾക്ക് നന്മയുടെ കാത് (അതെ കാതുതന്നെ; നിങ്ങൾക്ക് ഗുണകരമായിട്ടുള്ള കാത്)

يُؤْمِنُ بِٱللَّهِ= അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു وَيُؤْمِنُ لِلْمُؤْمِنِينَ= യഥാർഥ വിശ്വാസികളെ വിശ്വസിക്കുന്നു

وَرَحْمَةٌ= (അദ്ദേഹം) അനുഗ്രഹമാകുന്നു لِّلَّذِينَ ءَامَنُوا۟ مِنكُمْ= നിങ്ങളിൽ യഥാർഥ സത്യവിശ്വാസികളായിട്ടുള്ളവർക്ക്

وَٱلَّذِينَ يُؤْذُونَ رَسُولَ ٱللَّهِ= അല്ലാഹുവിന്റെ ദൂതനെ ദ്രോഹിക്കുന്നവരുണ്ടല്ലോ لَهُمْ= അവർക്കുണ്ട് عَذَابٌ= ശിക്ഷ

أَلِيمٌ= വേദനയേറിയ يَحْلِفُونَ بِٱللَّهِ= അവർ അല്ലാഹുവിനെ പിടിച്ചാണയിട്ടുകൊണ്ടിരിക്കും لَكُمْ= നിങ്ങളോട്

لِيُرْضُوكُمْ= അവർ നിങ്ങളെ പ്രീതിപ്പെടുത്താൻ وَٱللَّهُ وَرَسُولُهُۥٓ= (എന്നാൽ) അല്ലാഹുവും അവന്റെ ദൂതനുമാകുന്നു

أَحَقُّ= ഏറ്റം അർഹമായത് (കടപ്പെട്ടിട്ടുള്ളത്) أَن يُرْضُوهُ= അവർ അവനെ പ്രീതിപ്പെടുത്താൻ

إِن كَانُوا۟ مُؤْمِنِينَ= അവർ യഥാർഥ സത്യവിശ്വാസികളാണെങ്കിൽ أَلَمْ يَعْلَمُوٓا۟= അവർ അറിഞ്ഞിട്ടില്ലെയോ أَنَّهُۥ= എന്തെന്നാൽ

مَن يُحَادِدِ ٱللَّهَ وَرَسُولَهُۥ= അല്ലാഹുവിനോടും അവന്റെ ദൂതനോടും വിരോധം പുലർത്തുന്നവൻ فَأَنَّ لَهُۥ= അവന് ഉണ്ട് (ഉള്ളത്)

نَارَ جَهَنَّمَ= നരകാഗ്നിയാണ് എന്ന് خَٰلِدًا فِيهَا= അതിലവൻ നിത്യവാസിയാ(യിരിക്കും)യ നിലയിൽ ذَٰلِكَ= അതത്രെ

ٱلْخِزْىُ ٱلْعَظِيمُ= ഭയാനകമായ നിന്ദ്യത يَحْذَرُ ٱلْمُنَٰفِقُونَ= കപടവിശ്വാസികൾ ഉൽകണ്ഠപ്പെടുന്നു, ഭയപ്പെടുന്നുണ്ട്

أَن تُنَزَّلَ عَلَيْهِمْ= (അവതരിച്ചേക്കുമോ എന്ന്) അവരുടെ മേൽ ഇറക്കപ്പെടുന്നത് سُورَةٌ= ഒരു (ഖുർആൻ) സൂറ

تُنَبِّئُهُم= അവർക്ക് (മുസ്‌ലിംകൾക്ക്) വെളിപ്പെടുത്തുന്ന بِمَا فِى قُلُوبِهِمْ= അവരുടെ ഹൃദയങ്ങളിലുള്ളതിനെ (മനസ്സിലിരുപ്പ്)

قُلِ= നീ(അവരോടു) പറയുക ٱسْتَهْزِءُوٓا۟= നിങ്ങൾ (ഇനിയും) പരിഹസിച്ചു കൊള്ളുവിൻ إِنَّ ٱللَّهَ= നിശ്ചയമായും അല്ലാഹു

مُخْرِجٌ= (വെളിപ്പെടുത്തുക തന്നെചെയ്യും) പുറപ്പെടുവിക്കുന്നവനാകുന്നു

مَّا تَحْذَرُونَ= നിങ്ങൾ ഭയക്കുന്ന(സംഗതി)തിനെ (വെളിപ്പെട്ടേക്കുമെന്ന്)

**61,62:** കപടവിശ്വാസികൾ ധനാർത്തി മൂലം, ധർമ മുതലുകളുടെ വിതരണ വിഷയത്തിൽ പ്രവാചകനെ ആക്ഷേപിക്കുന്നതിനെക്കുറിച്ച് 54-ാം സൂക്തത്തിൽ പ്രസ്താവിച്ചുവല്ലോ. തുടർന്ന് സകാത്തിന്റെ യഥാർഥ അവകാശികളാരാണെന്നു വിശദീകരിച്ച ശേഷം പ്രവാചകനെതിരായി കപടന്മാർ അനുവർത്തിക്കുന്ന മറ്റു ചില സ്വഭാവങ്ങളും നടപടികളും ചൂണ്ടിക്കാണിക്കുകയാണ് ഇവിടം മുതൽ ഏതാനും സൂക്തങ്ങളിൽ. കപടന്മാരെയും യഥാർഥ വിശ്വാസികളെയും വേർതിരിച്ചുകാണിക്കുന്ന ലക്ഷണങ്ങളാണവ. ഓരോ വിശ്വാസിക്കും സമൂഹത്തിലെ കപടന്മാരെ തിരിച്ചറിയാൻ മാത്രമല്ല, അതിലധികം അവനവനിൽതന്നെ കാപട്യമുണ്ടോ എന്നു പരിശോധിക്കാനും സഹായകമാകുന്നു ഈ ലക്ഷണങ്ങൾ.

മാനസികവും ശാരീരികവുമായ ശല്യത്തെയും ദ്രോഹത്തെയും കുറിക്കുന്ന പദമായ أذىയിൽ നിന്നുത്ഭവിച്ച ക്രിയയാണ് يُؤْذُونَ. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് വാക്കുകൾകൊണ്ട് പ്രവാചകനെയും സഖാക്കളെയും പീഡിപ്പിക്കുന്ന നടപടിയാണ്. പ്രവാചകനെയും ദീനിനെയും അവമതിക്കുംമട്ടിൽ അദ്ദേഹത്തിന്റെ നടപടികളെയും ഖുർആനെയും പുഛിക്കുകയും പരിഹസിക്കുകയും ചെയ്യുക കപടന്മാരുടെ സ്ഥിരം സ്വഭാവമായിരുന്നു. സൂറ *അൽബഖറ* 8-20 വരെ സൂക്തങ്ങളിൽ ഈ നടപടിയെക്കുറിച്ച് വിസ്തരിച്ചു പറയുന്നുണ്ട്. ഇവിടെ ഉദ്ധരിക്കപ്പെടുന്ന പരിഹാസം 'ഇയാൾ ഒരു ചെവിയാണ് - هُوَ أُذُنٌ- എന്നാണ്. ഒരാളിൽ പ്രബലമായി നിൽക്കുന്ന ഗുണത്തെ അല്ലെങ്കിൽ ആ ഗുണത്തിനാധാരമായ അവയവത്തെ അയാളുടെ രൂപകമാക്കിക്കൊണ്ടുള്ള പ്രയോഗമാണ് هُوَ أُذُنٌ (അവൻ ചെവിയാണ്) എന്നത്. ധർമനിഷ്ഠനെ 'കൈ നീണ്ടവൻ' എന്നും പിശുക്കനെ 'ചുരുളൻ കൈയൻ' എന്നും പറയുന്നതുപോലെ. ഒരാളെക്കുറിച്ച് 'അയാളൊരു ചെവിയാണ്' എന്ന് വ്യത്യസ്തമായ രണ്ടർഥങ്ങളിൽ പറയാം. ഒന്ന്, ശ്രദ്ധിച്ചു കേൾക്കുകയും അതിലെ തെറ്റും ശരിയും ന്യായാന്യായങ്ങളും മനസ്സിലാക്കി കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു തള്ളുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നവൻ. ആരെയും കേൾക്കാൻ വിസമ്മതിക്കുകയില്ല. പണ്ഡിതനും പാമരനും ധനികനും ദരിദ്രനുമെല്ലാം അയാളുടെ മുമ്പിൽ തുല്യരായിരിക്കും. രണ്ട്, ആരെന്തുപറഞ്ഞാലും അതൊക്കെ കേട്ട് കൈക്കൊള്ളുന്ന മണ്ടനാണയാൾ. കേൾക്കുന്നതിൽ സത്യമേത് ന്യായമേത്, അതിനോട് എന്തു സമീപനമാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ചൊന്നും അയാൾക്കൊരു വിവരവുമില്ല. ഈ അർഥത്തിലാണ് കപടവിശ്വാസികൾ നബി(സ)യെ 'അദ്ദേഹം ഒരു കാതാണ്' എന്നു ജൽപിച്ചിരുന്നത്. ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു: "നബ്തൽബിൻ ഹർസ് എന്നയാൾ പ്രവാചക സദസ്സിൽ പതിവായി വന്നിരിക്കാറുണ്ടായിരുന്നു. പ്രവാചകനിൽനിന്ന് കേൾക്കുന്നതെല്ലാം അയാൾ കപടവിശ്വാസികൾക്ക് ഉദ്ധരിച്ചു കൊടുക്കും. മുഹമ്മദ് ആരെന്തുപറഞ്ഞാലും കേട്ട് വിശ്വസിക്കുന്ന ഒരു ചെവി മാത്രമാണ് എന്ന് അയാൾ പറയാറുണ്ടായിരുന്നു. അതെക്കുറിച്ചാണ് ഈ സൂക്തം അവതരിച്ചത്." ഇബ്നു അബീഹാതിം തന്നെ ഇമാം സുദ്ദി പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: "ഒരിക്കൽ ജിലാസ്ബിൻ സുവൈദ്, ജഹ്ശ്ബിൻ ഹുമൈർ, വദീഅബിൻ സാബിത് തുടങ്ങിയവരുൾപ്പെട്ട ഒരു സംഘം കപടവിശ്വാസികൾ ഒരിടത്തിരുന്ന് പ്രവാചകനെ അവഹേളിച്ച് സംസാരിക്കാൻ തുനിഞ്ഞു. അപ്പോൾ സംഘത്തിലെ ചിലർ അതു തടഞ്ഞുകൊണ്ടു പറഞ്ഞു: "ഇത് മുഹമ്മദിന്റെ ചെവിയിലെത്തിയേക്കുമെന്ന് പേടിക്കണം. എങ്കിൽ അയാൾ

നമ്മളെ വെറുതെ വിടില്ല." വേറെ ചിലർ പറഞ്ഞു: "ഏയ്, അങ്ങനെ പേടിക്കുകയൊന്നും വേണ്ട. അയാളൊരു കാത് മാത്രമാണെന്നേ! വിവരം മുഹമ്മദ് അറിഞ്ഞാൽ തന്നെ നമ്മൾ അയാളുടെ അടുത്തു ചെല്ലുന്നു. സംഭവം നിഷേധിച്ചുകൊണ്ട് സത്യം ചെയ്യുന്നു. മുഹമ്മദ് അത് വിശ്വസിച്ചുകൊള്ളും." ഇതെക്കുറിച്ചാണ് وَمِنْهُمُ എന്നു തുടങ്ങുന്ന ഈ സൂക്തം അവതരിച്ചത്. ഖതാദ(റ) പ്രസ്താവിച്ചതായി ഇബ്നുൽ മുൻദിർ ഉദ്ധരിക്കുന്നു: ഒരിക്കൽ ഒരു കപടവിശ്വാസി ത്വബൂക്ക് സമരയാത്രയിൽനിന്ന് ഒഴിഞ്ഞുമാറിയവരെക്കുറിച്ചു പറഞ്ഞു: "അല്ലാഹുവാണ, അവരൊക്കെ ഞങ്ങളുടെ മഹാന്മാരും പ്രമാണിമാരുമാണ്. മുഹമ്മദ് പറയുന്നതാണ് സത്യമെങ്കിൽ അവരൊക്കെ കഴുതകളെക്കാൾ മോശപ്പെട്ടവർ തന്നെ." അതുകേട്ട ഒരു മുസ്‌ലിം പറഞ്ഞു: "മുഹമ്മദ് പറയുന്നത് സത്യം തന്നെയാണ്. കഴുതയെക്കാൾ മോശപ്പെട്ടവൻ തന്നെയാണ് നീ." ഈ വിവരം അദ്ദേഹം പ്രവാചകനെ അറിയിച്ചു. നബി മറ്റേയാളെ വിളിപ്പിച്ച് ചോദിച്ചു: "ഇങ്ങനെ പറയാൻ നിങ്ങളെ പ്രേരിപ്പിച്ചതെന്താണ്?" അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തനിക്ക് ശാപമുണ്ടാവട്ടെ എന്ന് സ്വയം ശപിച്ചുകൊണ്ട് താനൊരിക്കലും അപ്രകാരം പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനെ പിടിച്ചാണയിടുകയാണ് അയാൾ ചെയ്തത്. മുസ്‌ലിം പറഞ്ഞു: "അല്ലാഹുവേ, സത്യവാനെ നീതന്നെ സത്യപ്പെടുത്തേണമേ, കള്ളം പറഞ്ഞവനെ നീ തന്നെ തള്ളിപ്പറയേണമേ!" ഈ സന്ദർഭത്തിലാണ് يَحْلِفُونَ بِٱللَّهِ എന്ന് തുടങ്ങുന്ന സൂക്തം അവതരിച്ചത്.

أُذُنُ خَيْرٍ لَّكُمْ എന്ന വാക്യത്തിലെ أُذُنٌ മുകളിൽ ഉദ്ധരിച്ച ഒന്നാമത്തെ അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത്, നബി(സ) എല്ലാവർക്കും പറയാനുള്ളത് കേൾക്കുകയും അതിലെ തെറ്റും ശരിയും വേർതിരിച്ചു വിധിക്കുകയും ചെയ്യുന്നവനാണ്. അദ്ദേഹത്തിന്റെ ഈ ഗുണം, നിങ്ങൾ കപടന്മാരടക്കമുള്ള മുസ്‌ലിം സമൂഹത്തിന് ഏറെ ഗുണകരവുമാണ്. നിങ്ങൾ പരിഹസിക്കുന്നതുപോലെ ആർക്കും എന്തും പറഞ്ഞു പറ്റിക്കാവുന്നവനോ കേൾക്കുന്നതിന്റെ പിന്നാലെയൊക്കെ വകതിരിവില്ലാതെ നടക്കുന്നവനോ അല്ല അദ്ദേഹം. أُذُنُ خَيْرٍ لَّكُمْ എന്നതിന് 'നിങ്ങൾക്കുള്ള നന്മകൾ കേൾക്കുന്ന കാതാണ്' എന്ന അർഥവുമുണ്ട്. അതായത്, അല്ലാഹു നിങ്ങളുടെ നന്മക്കുവേണ്ടി അവതരിപ്പിക്കുന്ന സത്യവചനങ്ങളും ധർമശാസനകളും കേൾക്കുന്ന ചെവിയാണ് അദ്ദേഹത്തിന്റേത്. അതുകൊണ്ട് അദ്ദേഹത്തെ നിങ്ങൾ ആദരിക്കുകയും അനുസരിക്കുകയുമാണ് വേണ്ടത്, പുഛിക്കുകയും പരിഹസിക്കുകയുമല്ല. തുടർന്നുവരുന്ന يُؤْمِنُ بِٱللَّهِ (അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു) എന്ന വാക്യം ഈ ആശയത്തെ കൂടുതൽ പ്രകാശിതമാക്കുന്നു. എല്ലാവരെയും കേൾക്കുകയും തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുന്നു എന്ന ആശയത്തെ പ്രകാശിപ്പിക്കുന്നതാണ് وَيُؤْمِنُ لِلْمُؤْمِنِينَ (സത്യവിശ്വാസികളെ വിശ്വസിക്കുന്നു) എന്ന വാക്യം. കപടന്മാർ പരിഹസിക്കുന്നതുപോലെ കേൾക്കുന്നത് അപ്പടി അദ്ദേഹം സത്യപ്പെടുത്തുന്നില്ല. അവർ പറയുന്ന പലതും കള്ളമാണെന്ന് അദ്ദേഹത്തിനറിയാം. അവരുടെ കാപട്യം പരസ്യമായി വെളിപ്പെടുത്തി വഷളാക്കുന്നില്ലെന്നേയുള്ളൂ. ആ നിലപാട് വാസ്തവത്തിൽ അവർക്ക് ഗുണകരമാണ്. യഥാർഥ വിശ്വാസികൾ അദ്ദേഹത്തോട് കള്ളംപറയുകയില്ല, പറയേണ്ട കാര്യമില്ല എന്ന് അദ്ദേഹത്തിനറിയാം. അവരുടെ വാക്കുകളെയാണ് അദ്ദേഹം വിശ്വസിക്കുന്നത്. മറ്റുവിധത്തിൽ പറഞ്ഞാൽ അദ്ദേഹം വിശ്വസിക്കുന്ന വാക്കുകൾ വിശ്വസ്തരായ വിശ്വാസികളിൽ നിന്നുള്ളതും എടുക്കുന്ന തീരുമാനങ്ങൾ സർവജ്ഞനായ അല്ലാഹുവിങ്കൽ നിന്നുള്ളതുമാണ്.

آمن എന്ന ക്രിയക്ക് നാലുതരം പ്രയോഗമുണ്ട്. 1) آمنه- അയാൾക്ക് അഭയം നൽകി, നിർഭയനാക്കി. ഉദാ: وَءَامَنَهُم مِّنْ خَوْفٍ - അവരെ നിർഭയരാക്കി (*ഖുറൈശ്*: 4). 2) آمن به അവന്റെ അസ്തിത്വത്തിലും കഴിവുകളിലും വിശ്വാസമർപ്പിച്ചു. ഉദാ: آمنت بالله - ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു. 3) آمن له -അവന്റെ വർത്തമാനം അല്ലെങ്കിൽ നിലപാട് വിശ്വാസത്തിലെടുത്തു. ഉദാ: ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ -ഞാൻ അനുവാദം തരുന്നതിന് മുമ്പ് നിങ്ങൾ അവനെ വിശ്വസിച്ചുവോ? (*ത്വാഹാ*: 71) 4) آمن عليه -അവന്റെ കാര്യത്തിൽ വിശ്വസിച്ചു, സമാധാനിച്ചു. ഉദാ: هل آمنكم عليه -അവന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ വിശ്വസിക്കുകയോ.

പ്രവാചകൻ യഥാർഥ സത്യവിശ്വാസികൾക്ക് മഹത്തായ അനുഗ്രഹമാണ്. അവരോട് അദമ്യമായ ദയയും കാരുണ്യവുമുണ്ടദ്ദേഹത്തിന്. ധനിക ദരിദ്ര വ്യത്യാസമില്ലാതെ അദ്ദേഹം എല്ലാവർക്കും പറയാനുള്ളത് നേരിട്ടു കേൾക്കുകയും ആവലാതികൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുന്നു. അദ്ദേഹം അല്ലാഹുവിന്റെ സന്ദേശങ്ങൾ കേൾക്കുന്നതും അവരുടെ ഇഹപരഗുണത്തിനു വേണ്ടിയാണ്. ഇക്കാര്യങ്ങളൊക്കെ അവർക്ക് നന്നായറിയാം. അധരം കൊണ്ട് മാത്രം വിശ്വസിക്കുകയും മനസ്സുകൊണ്ട് നിഷേധിക്കുകയും ചെയ്യുന്നവർ അവരുടെ മനോദൗഷ്ട്യം കാരണമാണ് അദ്ദേഹത്തെ പരിഹസിക്കുന്നതും പുഛിക്കുന്നതും. എന്നാൽ അല്ലാഹുവിന്റെ ദൂതനെ ഈ വിധം ദ്രോഹിക്കുന്നവർ അതുകൊണ്ട് ഒന്നും നേടാൻ പോകുന്നില്ല. എല്ലാം നഷ്ടപ്പെടുകയേ ഉള്ളൂ. വേദനയേറിയ ശിക്ഷയാണവരെ കാത്തിരിക്കുന്നത്. ഒരു പക്ഷെ, ഈ ലോകത്തു തന്നെ അതവരെ പിടികൂടിയേക്കാം. പരലോകത്ത് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ ആർക്കും കഴിയില്ല.

ഞങ്ങൾ പ്രവാചകനെ പരിഹസിച്ചിട്ടില്ല, ഇസ്‌ലാമിനെ നിന്ദിച്ചിട്ടില്ല, ഞങ്ങൾ സത്യവിശ്വാസികൾ തന്നെയാണ്, മുസ്‌ലിം സമൂഹത്തിൽ അംഗമായിരിക്കുന്നതിൽ അഭിമാനിക്കുന്നവരാണ് എന്നൊക്കെ കപടന്മാർ എന്നും ദൈവത്തെ പിടിച്ചാണയിട്ടുകൊണ്ടിരിക്കും. യഥാർഥ വിശ്വാസികളെ പ്രീതിപ്പെടുത്തുക മാത്രമാണ് അവരുടെ ലക്ഷ്യം. ഇങ്ങനെ അടിക്കടി സത്യം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെ കാപട്യത്തിന്റെ ലക്ഷണമാണ്. തങ്ങളുടെ കാപട്യം മറ്റുള്ളവർ മനസ്സിലാക്കുന്നുവോ എന്ന ശങ്കയാണവരെ അതിനു പ്രേരിപ്പിക്കുന്നത്. പക്ഷേ, ഇങ്ങനെ കള്ളസത്യം ചെയ്ത് ജനങ്ങളെ തൃപ്തിപ്പെടുത്തിയതുകൊണ്ട് കാര്യമില്ല. യഥാർഥ വിശ്വാസികൾ ഭയപ്പെടേണ്ടതും പ്രീതിപ്പെടുത്തേണ്ടതും അല്ലാഹുവിനെയാണ്; അവരുടെ രഹസ്യവും പരസ്യവും എല്ലാം അറിയുന്ന അല്ലാഹുവിനെ. അവന്റെ ദൂതനെ പുഛിക്കുന്നതും നിന്ദിക്കുന്നതും അല്ലാഹുവിനോടുള്ള ധിക്കാരമാണ്. അതവൻ അറിയുന്നുണ്ട്. ആ ധിക്കാരത്തെ കള്ളസത്യംകൊണ്ട് മൂടിവെക്കാനുള്ള ശ്രമം മറ്റൊരു ധിക്കാരവും കൂടി മാത്രമേ ആകൂ.

അല്ലാഹുവിന്റെയും റസൂലിന്റെയും പ്രീതി ഒന്നുതന്നെയാണ്. അതാണ് أَن يُرْضُوهُ എന്ന വാക്കിലെ ه എന്ന ഏകവചന സർവനാമത്തിന്റെ സൂചന.

**63:** حدّ ൽനിന്നുള്ളതാണ് يحادد. അതിര്, വായ്ത്തല (മൂർച്ച) എന്നാണ് حدّ ന്റെ ഭാഷാർഥം. ഒരു കാര്യത്തിന്റെ അതിരുകൾ വ്യക്തമാക്കുന്നത് എന്ന നിലയിൽ നിർവചനം, നിയമം എന്നീ അർഥങ്ങളിലും ഒരു സംഗതിയുടെ പരിധിക്കു പുറത്തായതിന്റെ

ഫലം എന്ന നിലയിൽ അമർഷം, വിരോധം എന്ന അർഥത്തിലും حدّന്റെ വിവിധ രൂപങ്ങൾ ഉപയോഗിക്കുന്നു. حدّ الشيئ -വസ്തുവിന്റെ നിർവചനമാണ്. حدّ السيف -വാളിന്റെ വായ്ത്തല-മൂർച്ചയാണ്. حدود الله - അല്ലാഹുവിന്റെ നിയമങ്ങൾ. حدّ المذنب -കുറ്റവാളിയെ ശിക്ഷിച്ചു. حادّ البصر-തീക്ഷ്ണ ദൃഷ്ടി. حادّ الطبع -കർക്കശ പ്രകൃതി, ചൂടൻ. ഒരാൾക്ക് മറ്റൊരാളോട് അമർഷവും വിരോധവുമുണ്ടായാൽ حادده എന്നു പറയുന്നു.

കപടവിശ്വാസികൾക്കുള്ള ശക്തമായ താക്കീതാണിത്. സത്യനിഷേധത്തിന്റെയും കാപട്യത്തിന്റെയും തിക്തമായ പരിണതികൾ നേരത്തെ ഈ വേദത്തിലും പൂർവ വേദങ്ങളിലും വ്യക്തമായി വിവരിച്ചിട്ടുള്ളതാണ്. അതൊന്നും ഇക്കൂട്ടർ മനസ്സിലാക്കിയിട്ടില്ലേ? ഉണ്ടെങ്കിൽ അതോർത്ത്, സത്യത്തിന്റെയും ധർമത്തിന്റെയും പരിധികളിൽനിന്ന് പുറത്തു കടന്ന് അല്ലാഹുവിനോടും അവന്റെ ദൂതനോടും അമർഷം പുലർത്തുന്ന നടപടിയിൽനിന്ന് പിന്തിരിയണം. ഇല്ലെങ്കിലിതാ അവരെ വീണ്ടും വ്യക്തമായി താക്കീതു ചെയ്യുന്നു. സത്യത്തിന്റെയും ധർമത്തിന്റെയും പരിധികൾ ലംഘിച്ച് അല്ലാഹുവിനോടും അവന്റെ ദൂതനോടും വിരോധം പുലർത്തുന്നവർക്ക് മരണാനന്തരം നരകാഗ്നി മാത്രമാണുള്ളത്. അതിൽതന്നെ എന്നെന്നും അവർ വസിക്കേണ്ടിവരും. അടിമകളും ഉടമകളും, ഉള്ളവരും ഇല്ലാത്തവരും എല്ലാം ഒന്നിച്ചു ചേർന്ന നിഷ്കളങ്ക വിശ്വാസികളുടെ ഗണത്തിൽ ആത്മാർഥമായി ഇഴുകിച്ചേരുന്നത് ആഢ്യത്വത്തിനും അഭിമാനത്തിനും മറ്റു ഭൗതിക താൽപര്യങ്ങൾക്കും കോട്ടമാകും എന്നു കരുതിയാണല്ലോ അവരിങ്ങനെ ഉള്ളിൽ വിരോധവും പുറമെ വിശ്വാസവുമായി നടക്കുന്നത്. എന്നാൽ ഈ നടപടി മൂലം നാളെ നേരിടാനിരിക്കുന്ന നിത്യനരകമാണ്, മനുഷ്യൻ നേരിടുന്നതിൽ വെച്ച് ഏറ്റം ഭീകരമായ നിന്ദ്യതയും നാണക്കേടും.

**64:** يحْذَر– يحْذرون എന്നീ ക്രിയകളുടെ വിവിധ രൂപങ്ങളും അർഥ വിവരണവും നേരത്തെ *ഖുർആൻ ബോധനം* സൂറ *അൽബഖറ, ആലുഇംറാൻ, അൽമാഇദ* എന്നിവയിൽ വന്നിട്ടുണ്ട്. أَن تُنَزَّلَ عَلَيْهِمْ -അവരുടെ മേൽ ഇറക്കപ്പെടുക- എന്നതുകൊണ്ടുദ്ദേശ്യം أن تقرء عليهم -അവർ ഓതിക്കേൾപ്പിക്കപ്പെടുക- എന്നാണ്.

പ്രവാചകന്റെ കാലത്തെ കപടവിശ്വാസികൾ തങ്ങളുടെ വിശ്വാസം മുസ്‌ലിംകളോട് ആണയിട്ടു പറയുമ്പോഴും അവരെ ഒരാശങ്ക അസ്വസ്ഥപ്പെടുത്തിയിരുന്നു; ഞങ്ങളുടെ കള്ളത്തരം ജനത്തിനിടയിൽ വെളിപ്പെടുത്തുന്ന വല്ല ഖുർആൻ സൂറയും അവതരിച്ചേക്കുമോ? കപടന്മാരുടെ പ്രതിജ്ഞയുടെ പൊള്ളത്തരത്തെക്കുറിച്ച് നേരത്തെ നൽകിയ സൂചനകളുടെ തുറന്നുകാണിക്കലാണിത്. ഇത്തരം ഖുർആൻ വാക്യങ്ങളെത്തന്നെയാണ് അവർ ഭയപ്പെട്ടിരുന്നതും. അതുകൊണ്ടാണ് സൂറ *ബറാഅത്തിന്* سورة الفاضحة -കള്ളിപൊളിക്കുന്ന സൂറ- എന്നുകൂടി പേരുണ്ടായത്. കപടവിശ്വാസികളുടെ മുഖംമൂടി വലിച്ചുകീറുന്ന ഇത്രയേറെ സൂക്തങ്ങളുള്ള സൂറ വേറെയില്ല.

സൂക്തത്തിന്റെ രണ്ടാംഖണ്ഡം അവരെ ഉണർത്തുകയാണ്: നിങ്ങളുടെ മുൻകരുതലും ഉൽകണ്ഠയുമൊന്നും ഒരു ഗുണവും ചെയ്യില്ല. അല്ലാഹുവിനെയും റസൂലിനെയും ദൈവിക സൂക്തങ്ങളെയും ഇനിയും എത്രവേണമെങ്കിലും പരിഹസിച്ചോളൂ. വെളിപ്പെട്ടേക്കുമോ എന്ന് നിങ്ങൾ ഭയപ്പെടുന്ന രഹസ്യങ്ങളെല്ലാം അല്ലാഹു വെളിപ്പെടുത്തുക തന്നെചെയ്യും. അതിന്റെ സമയം ആസന്നമായിരിക്കുന്നു. കാപട്യം കൈവെടിഞ്ഞ് സത്യവും ധർമവും നിഷ്കളങ്കമായി ഉൾക്കൊള്ളുക മാത്രമാണ് നിങ്ങളുടെ മുന്നിലുള്ള ഏക രക്ഷാമാർഗം. ■